എന്നിവർ അംഗങ്ങളായും ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട് കൺവീനറു മായ സമിതിയെയാണ് സർക്കാർ നിയമിച്ചത്.

(സി) ഉണ്ട്.

(ഡി) ശുപാർശകളുടെ സംക്ഷിപ്ത രൂപം അനുബന്ധമായി ചേർത്തി രിക്കുന്നു.†

(ഇ) ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) &(ജി) ചർച്ച നടത്തുന്നതാണ്.

20 (*250) ആസ്ട്രേലിയൻ സഹായത്തോടെ മത്സ്യക്കൃഷി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്ട്രേലിയൻ സർക്കാരിന്റെ സഹായത്തോടെ സംസ്ഥാ നത്ത് മത്സ്യക്കുഞ്ഞു വളർത്തൽ കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കടലിൽ മത്സ്യ ക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിയാരംഭിച്ചിട്ടുണ്ടോ;

(ഡി) "സീറാഞ്ചിംഗ്" പദ്ധതിയുടെ ഫലമായി മത്സ്യത്തൊഴിലാളി കൾക്ക് എന്തൊക്കെ നേട്ടങ്ങളുണ്ടായിയെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃ ഷ്ണൻ) :

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) അമിത ചൂഷണം മൂലം നാശോൻമുഖമായി കൊണ്ടിരിക്കുന്ന കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതുവഴി മത്സ്യത്തൊഴിലാളികൾക്കു നേട്ട മുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

21 (*251) തിരുവനന്തപുരം-കൊല്ലം ജലപാത

ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം - II

LIBRARY ARCHIVES Kerala Legislative Assembly